പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2191 **27-10-2026-ൽ മറുപടിയ്ക്ക്**

പോലീസ് സേവനങ്ങളുടെ ഡിജിറ്റൈസേഷൻ

ചോദ്യം ഉന്നയിച്ച അംഗങ്ങൾ

ശ്രീ. അപു ജോൺ ജോസഫ്

ശ്രീ. ഷിബു തെക്കുംപുറം

ശ്രീ. വിനു ജോബ് കുഴിമണ്ണിൽ

മറുപടി നൽകിയ മന്ത്രി

ശ്രീ. രമേശ് ചെന്നിത്തല

(ആഭ്യന്തര- വിജിലൻസ്, കയർ വകുപ്പ് മന്ത്രി)

(എ) സംസ്ഥാന പോലീസ് നൽകിവരുന്ന സേവനങ്ങൾ ഡിജിറ്റൈസ് ചെയ്യുന്നതിന് ഈ സർക്കാർ സ്വീകരിക്കുന്ന നടപടികൾ വ്യക്തമാക്കാമോ;

മറുപടി: പൊതുജനങ്ങൾ ഒരേ ആവശ്യത്തി നായി പല പ്രാവശ്യം പോലീസ് സ്റ്റേഷനുകൾ/ ഓഫീസുകൾ കയറി യിറങ്ങുന്നത് ഒഴിവാക്കുക, പൊതുജന ങ്ങളുടെ പണവും സമയവും ലാഭിക്കുക, പോലീസ് സ്റ്റേഷനുകളിലെ അനാവശ്യ തിരക്ക് കുറയ്ക്കുക, സേവനങ്ങൾ വേഗത്തിലും കാര്യക്ഷമമായും ലഭ്യമാക്കുക, പോലീസ് ഉദ്യോഗസ്ഥ രുടെ ജോലിഭാരം കുറയ്ക്കുക എന്നിവ മുൻനിർത്തി കേരള പോലീസ് ഡിപ്പാർട്ടുമെന്റ് പൊതുജനങ്ങൾക്കായി നൽകി വരുന്ന വിവിധ സേവന ങ്ങളിൽ പലതും നിലവിൽ ഡിജിറ്റൈസ് ചെയ്തിട്ടുള്ളതുമാണ്.

കേരളാ പോലീസ് സ്വന്തമായി വികസിപ്പിച്ച് പരിപാലിച്ചുവരുന്ന പൊതു ജനസേവന മൊബൈൽ ആപ്ലിക്കേഷ നായ Pol-App വെബ് പോർട്ടലായ THUNA എന്നിവ മുഖേന പൊതുജനങ്ങൾ ക്ക് വിവിധ സേവനങ്ങൾക്കായുള്ള അപേക്ഷ സമർപ്പിക്കുന്നതിനും, അപേക്ഷ കളുടെ തൽസ്ഥിതി അറിയുന്നതിനും മറുപടി/ബന്ധപ്പെട്ട റിപ്പോർട്ടുകൾ ഡൗൺലോഡ് ചെയ്യുന്നതിനും സൗകര്യമൊരുക്കിയിട്ടുണ്ട്.

അഡ്മിനിസ്ട്രേഷൻ പ്രവർത്തനങ്ങൾ കൂടുതൽ സുതാര്യമാക്കുന്നതിനും, ഫലപ്രദ മായ ഫയൽ നീക്കത്തിന് വേണ്ടിയും 2012-ൽ കേരളാ പോലീസ് വകുപ്പിൽ **"ഇന്റേണൽ അഡ്മിനിസ്ട്രേറ്റീവ് പ്രോസസിംഗ് സിസ്റ്റം (IAPS)"** എന്ന പേരിൽ ഒരു വെബ് അധിഷ്ഠിത ആപ്ലിക്കേഷൻ നടപ്പിലാക്കിയിട്ടുണ്ട്.

(ബി) രേഖകൾ സൂക്ഷിക്കുന്നതിനും കൈകാര്യം ചെയ്യുന്നതിനുമുള്ള ബുദ്ധിമുട്ടും ചെലവും കുറയ്ക്കുന്നതിനൊപ്പം സേവനങ്ങൾ വേഗത്തിൽ ജനങ്ങളിലേക്കെത്തിക്കുകയെന്ന ലക്ഷ്യത്തോടെ സംസ്ഥാന പോലീസിൽ കടലാസ് രഹിത ഡിജിറ്റൽ സംവിധാനങ്ങൾ ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ;

മറുപടി: ഇന്റേണൽ അഡ്മിനിസ്ട്രേറ്റീവ് പ്രോസസിംഗ് സിസ്റ്റം (iAPS) ആപ്ലിക്കേഷൻ പോലീസ് വകുപ്പിൽ വിജയകരമായും കാര്യക്ഷമമായും പ്രവർത്തിക്കുകയും വകുപ്പിന്റെ പ്രവർത്തന ങ്ങളിൽ കൂടുതൽ സുതാര്യത കൊണ്ടു വരാൻ പ്രാപ്തമാക്കുകയും ചെയ്തു. കേരള പോലീസിൽ ഫയൽ മാനേജ്മെന്റ് ആവശ്യങ്ങൾക്ക് മാത്രമല്ല iAPS ആപ്ലിക്കേഷൻ ഉപയോഗിക്കുന്നത്, Petition Management, Strength

Management, Audit Management, Record Keeping, Store & Inventory Management, Cash management, Seat Inspection, Asset Management, Recruit Management തുടങ്ങിയ മൊഡ്യൂളുകൾ, രേഖകൾ അഡ്മിനിസ്ട്രേറ്റീവ് ഓഫീസ് തലത്തിൽ ഡിജിറ്റലായി സൂക്ഷിക്കുന്നതിന് പ്രാപ്ത മാക്കി. മാത്രമല്ല, സബോർഡിനേറ്റ് ഓഫീസുകളിലെ (പോലീസ് സ്റ്റേഷനു കൾ, എസ്.ഡി.പി.ഒ.കൾ etc.) ഉപയോഗിക്കുന്നതിനായി Current Processing, Duty Management, Strength Management, Petition Processing, Arms & Ammunition, Motor Vehicle Management, Grievance etc. തുടങ്ങിയ മൊഡ്യൂളുകൾ നിലവിലുണ്ട്.

സംസ്ഥാന പോലീസ് രേഖകൾ സൂക്ഷിക്കുന്നതിനും കൈകാര്യം ചെയ്യുന്ന തിമുള്ള ബുദ്ധിമുട്ടുകളും ചെലവുകളും കുറയ്ക്കുന്നതിനൊപ്പം, പൊതുജനങ്ങൾക്ക് വേഗത്തിലും കാര്യക്ഷമമായും ലഭ്യമാ ക്കുക എന്ന ലക്ഷ്യത്തോടെ വിവിധ സേവനങ്ങൾക്കുമായി കടലാസ് രഹിത ഡിജിറ്റൽ സംവിധാനങ്ങൾ ഏർപ്പെടു ത്തിയിട്ടുള്ളതാണ്. കൂടാതെ ഡിജിറ്റൈസ് ചെയ്യാത്ത മറ്റ് സേവനങ്ങൾ കടലാസ് രഹിതമാക്കുന്നതിനുള്ള സാധ്യതകൾ പരിശോധിച്ചു വരുന്നതാണ്. ടി രേഖകളുടെ സ്വഭാവം, പ്രാധാന്യം, നിലവിലുള്ള നിയമപരമായ വ്യവസ്ഥ കൾ, സാങ്കേതിക സൗകര്യങ്ങൾ, മറ്റ് ഡിപ്പാർട്ട്മെന്റുകളുമായുള്ള സാങ്കേതിക സംയോജനം എന്നിവ പരിഗണിച്ച് ആവശ്യമായ പരിശോധനകൾക്കും അനുമതികൾക്കും വിധേയമായി നിലവിലുള്ള ഘട്ടംഘട്ടമായി കടലാസ് രഹിത ഡിജിറ്റൽ സംവിധാനത്തിലേയ്ക്ക് മാറ്റുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

നിലവിൽ ഡിജിറ്റലൈസ് ചെയ്തിട്ടുള്ള സേവനങ്ങളുടെ വിശദാംശ ങ്ങൾ ചുവടെ ചേർക്കുന്നു.

Sl No	Services
1	Complaint/Petition
2	NIOC
3	Mike Sanction
4	Accident GD
5	Lost Property
6	Person Verification
7	Event/Perfornamce Request
8	FIR download
9	Grievance Redressal
10	Arrest Search
11	Feed Back on Police Service
12	Passport Application Status Checking
13	Application Status Checking
14	Employee Verification

15	Procession Request
16	Protest and Strike Intimation
17	Physical Training Institute
18	Payment Verification

(സി) പരാതി, മൊഴി, എഫ്.ഐ.ആർ., കുറ്റപത്രം എന്നിവ കടലാസ് രഹിതമാക്കാൻ നടപടികൾ സ്വീകരിക്കുമോയെന്ന് വിശദമാക്കാമോ;

മറുപടി: പോലീസിൽ പരാതി നൽകുന്നത് ഉൾപ്പെടെയുള്ളവ ഓൺലൈനായി നൽകാൻ '**തുണ**' എന്ന പേരിൽ പോലീസ് പൊതുജന സൗഹാർദ്ദ പോർട്ടൽ ആരംഭിച്ചു. ഈ പോർട്ടൽ വഴി പരാതി ഓൺലൈനായി അയയ്ക്കാം. എഫ്.ഐ.ആർ. ഡൗൺലോഡ്, എംപ്ലോയി വെരിഫിക്കേഷൻ, പോലീസ് നൽകുന്ന സ്വഭാവ സർട്ടിഫിക്കറ്റ്, മൈക്ക് പെർമിറ്റ്, വിവിധ പരിപാടികൾ, സമരങ്ങൾ, ഉത്സവ ആഘോഷങ്ങൾ മുതലായവ യ്ക്കുള്ള അനുമതി എന്നിവയ്ക്കും പോർട്ടൽ ഉപയോഗിക്കുന്നു.

കൂടാതെ കുറ്റകൃത്യ പരിപാലനവുമായി ബന്ധപ്പെട്ട പ്രവർത്തികൾ നിർവ്വഹി ക്കുന്നതിനായി കേരള പോലീസ് സ്വന്തമായി വികസിപ്പിച്ച്, പരിപാലിച്ച് നടപ്പിലാക്കി വരുന്ന സോഫ്റ്റ് വെയറായ iCoPS മുഖേന പരാതി രേഖപ്പെടുത്തൽ, എഫ്.ഐ.ആർ. രജിസ്റ്റർ ചെയ്യൽ അന്വേഷണവുമായി ബന്ധപ്പെട്ട പ്രവർത്തികൾ ഇതിനോ ടകം കടലാസ് രഹിതമായിട്ടുള്ള താണ്. ഇതുകൂടാതെ ഇങ്ങനെ തയ്യാറാക്കുന്ന രേഖകൾ കടലാസ് രഹിതമായി ഓൺലൈനായി തന്നെ കോടതികളിൽ സമർപ്പിക്കാനുള്ള സംവിധാനവും നടപ്പിലാക്കിയിട്ടുള്ള താണ്.

(ഡി) നിലവിലുള്ള രേഖകൾ പ്രസ്തുത പദ്ധതിയുടെ ഭാഗമായി ഡിജിറ്റൈസ് ചെയ്യുന്നത് പരിഗണിക്കുമോ; വ്യക്തമാക്കാമോ?

മറുപടി: കേരള പോലീസിൽ നിലവിൽ ഡിജിറ്റൈസ് ചെയ്യാത്ത രേഖകൾ, ടി രേഖകളുടെ സ്വഭാവം, പ്രാധാന്യം, നിലവിലുള്ള നിയമപരമായ വ്യവസ്ഥ കൾ, സാങ്കേതിക സൗകര്യങ്ങൾ എന്നിവ പരിഗണിച്ച് ആവശ്യമായ പരിശോധനകൾക്കും അനുമതികൾക്കും വിധേയമായി ഘട്ടംഘട്ടമായി ഡിജി റ്റൈസ് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നത് പരിഗണിക്കാവുന്നതാണ്.

സെക്ഷൻ ഓഫീസർ